നമ്പർ 441/2009

# സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന

## *പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡന്റും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ*

നമുക്ക് എത്രയും പ്രിയപ്പെട്ടിരിക്കുന്ന നമ്മുടെ.......................................................................................................................

.........................................................................................................പള്ളി വികാരിയും, ദേശത്തു പട്ടക്കാരും, പള്ളി കൈക്കാരന്മാരും ശേഷം ജനങ്ങളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്‌വ്,

കർത്താവിൽ പ്രിയരേ,

നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ (മലങ്കര അസ്സോസിയേഷൻ) ഒരു യോഗം താഴെപറയുന്ന വിഷയങ്ങളെപ്പറ്റി ആലോചിച്ച് തീരുമാനം ചെയ്യുന്നതിന് ശാസ്താംകോട്ട മാർ ഏലിയാ ചാപ്പൽ അങ്കണത്തിൽ വച്ച് (ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ നഗർ) 2010 ഫെബ്രുവരി മാസം 17-ാം തീയതി ബുധനാഴ്ച പകൽ ഒരു മണി മുതൽ നമ്മുടെ അദ്ധ്യക്ഷതയിൽ നടത്തുന്നതിന് നാം തീരുമാനിച്ച് പ്രഖ്യാപിക്കുന്നു.

### ആലോചനാ വിഷയങ്ങൾ

1. മേൽപ്പട്ട സ്ഥാനത്തേക്ക് ഏഴുപേരെ തെരഞ്ഞെടുക്കുക.
2. മലങ്കര അസ്സോസിയേഷൻ പ്രസിഡന്റിന് ആവശ്യമെന്ന് ബോധ്യമുള്ളതും മുൻകൂട്ടി അനുവദിക്കുന്നതുമായ ഇതര വിഷയങ്ങൾ പരിഗണിച്ച് യുക്തമായ തീരുമാനങ്ങൾ ചെയ്യുക.

അസ്സോസിയേഷൻ യോഗനടത്തിപ്പു സംബന്ധിച്ചുള്ള ക്രമീകരണങ്ങളും തെരഞ്ഞെടുപ്പു സംബന്ധിച്ചുള്ള നടപടിചട്ടങ്ങളും, അസ്സോസിയേഷൻ യോഗത്തിലേക്ക് പള്ളി ഇടവക പ്രതിപുരുഷന്മാർ ഹാജരാക്കേണ്ട അധികാര പത്രവും ഇതോടൊന്നിച്ച് അയയ്ക്കുന്നു.

പ്രസ്തുത അധികാര പത്രം പൂരിപ്പിച്ച് നിലവിലുള്ള വികാരി സാക്ഷ്യപ്പെടുത്തി അസ്സോസിയേഷൻ യോഗം കൂടുന്ന ദിവസം യോഗസ്ഥലത്ത് ഹാജരാക്കേണ്ടതാണ്.

അസ്സോസിയേഷൻ യോഗത്തിൽ അദ്ധ്യക്ഷത വഹിക്കുന്നതിനോ, യോഗാരംഭത്തിന് ശേഷം തുടർന്ന് യോഗം നടത്തിക്കൊണ്ട് പോകുന്നതിനോ വൈസ് പ്രസിഡണ്ടുമാരിൽ ആരെയെങ്കിലും നിയോഗിക്കുന്നതിന് നമുക്ക് സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതാണ്. അസ്സോസിയേഷൻ യോഗം സംബന്ധിച്ച ക്രമീകരണങ്ങളെപ്പറ്റിയോ യോഗനടപടികളെപ്പറ്റിയോ നാം നേരിട്ടോ, നമ്മുടെ കാതോലിക്കേറ്റ് ഓഫീസ് മുഖാന്തിരമോ അപ്പോഴപ്പോൾ പ്രസിദ്ധപ്പെടുത്തുന്ന നിർദ്ദേശങ്ങൾ അനുസരിച്ച് ബന്ധപ്പെട്ടവർ പ്രവർത്തിക്കേണ്ടതാണ്.

ഈ കല്പന പ്രകാരം കൂടുന്ന അസ്സോസിയേഷൻ യോഗം സംബന്ധിച്ചോ, മേൽപ്രസ്താവിച്ച നടപടിക്രമം സംബന്ധിച്ചോ, ഇവയിൽപെടാത്തതായി അസ്സോസിയേഷൻ യോഗനടത്തിപ്പിന് അതാത് സമയത്ത് ആവശ്യമായി വരുന്ന ഏതെങ്കിലും കാര്യങ്ങൾ സംബന്ധിച്ചോ, അസ്സോസിയേഷൻ യോഗത്തിൽ വച്ചോ, അതിനു മുമ്പോ അപ്പോഴപ്പോൾ യുക്തമായ തീരുമാനങ്ങൾ ചെയ്യുന്നതിന് നമുക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

അസ്സോസിയേഷൻ യോഗത്തിന്റെ നടപടിക്രമങ്ങളും ക്രമീകരണങ്ങളും സംബന്ധിച്ച ചില പ്രധാന വിവരങ്ങളും ഇതോടൊന്നിച്ച് അയയ്ക്കുന്നു. കൂടുതൽ വിവരങ്ങൾ നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാൻമാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമൊസ് പ്രഥമൻ**

2009 ഒക്ടോബർ മാസം 23 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

പകർപ്പ്: 1) നിലവിലുള്ള മലങ്കര അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്ക്
2) നിലവിലുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ അംഗങ്ങൾക്ക്